
കവർസ്റ്റോറി ●

ടി.കെ ഹുസൈൻ



# പലിശരഹിത നിധികൾ കേരളത്തിൽ

**പലിശക്കെതിരെ** ക്രിയാത്മക മുന്നേറ്റങ്ങൾക്ക് വിവിധ രാജ്യങ്ങളിലെന്ന പോലെ കേരള മുസ്‌ലിം സമൂഹത്തിലും വർധിച്ച പ്രചാരം ലഭിച്ചുകൊണ്ടിരിക്കുകയാണ്. അരനൂറ്റാണ്ടിലേറെയായി കേരളത്തിൽ പലിശരഹിത സംരംഭങ്ങൾ ആരംഭിച്ചിട്ട്. വർഷങ്ങൾക്ക് മുമ്പ് മഹല്ല് അടിസ്ഥാനത്തിലും മറ്റും രൂപവത്കരിച്ച പലിശരഹിത സംരംഭങ്ങളിൽ ചിലത് ഇന്നും വിജയകരമായി പ്രവർത്തിച്ചുവരുന്നു. എന്നാൽ പലിശരഹിത സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനോ അവക്ക് മാർഗനിർദേശങ്ങൾ നൽകുന്നതിനോ അടുത്ത കാലം വരെ മുസ്‌ലിം സംഘടനകളുടെ ഭാഗത്തുനിന്ന് കാര്യമായ ശ്രമങ്ങൾ ഉണ്ടായിരുന്നില്ല.

ജമാഅത്തെ ഇസ്‌ലാമി അതിന്റെ ആരംഭം മുതൽ അനിസ്‌ലാമിക സംവിധാനം എന്ന നിലയിൽ പലിശ ഇടപാടുകളിൽനിന്ന് അകന്നു നിൽക്കാൻ സമുദായത്തെ ഉണർത്തിയിരുന്നു. എന്നാൽ അനിവാര്യ സന്ദർഭങ്ങളിൽ കടം ആവശ്യമായി വരുന്നവർക്ക് അത് ലഭിക്കാനുള്ള ബദൽ സംവിധാനങ്ങൾക്ക് പ്രോത്സാഹനം നൽകാൻ അക്കാലത്ത് സാധിച്ചിരുന്നില്ല. അഖിലേന്ത്യാ തലത്തിൽ 1940-കൾ മുതൽ പലിശരഹിത സംരംഭങ്ങൾ സർക്കാർ നിയമങ്ങൾക്കനുസൃതമായി ആരംഭിച്ചിരുന്നുവെങ്കിലും കേരള സമൂഹം ഇത് വേണ്ടത്ര ഗൗരവത്തിലെടുത്തിരുന്നില്ല.

1960-കളിലാണ് ജമാഅത്തെ ഇസ്‌ലാമി കേരളത്തിൽ പലിശരഹിത സംരംഭങ്ങൾക്ക് തുടക്കം കുറിക്കുന്നത്. ദാരിദ്ര്യ നിർമാർജനം, സ്വയം തൊഴിൽ, സ്വാശ്രയത്വ പ്രോത്സാഹനം, ചൂഷണത്തിൽനിന്ന്

സാധ്യമായേടത്തൊക്കെ പലിശരഹിത നിധികൾ ആരംഭിക്കണമെന്ന ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നിർദേശം ഒരളവുവരെ വിജയിച്ചു.
ഏതാണ്ട് 360 നിധികൾ പ്രസ്ഥാനത്തിനു കീഴിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. 25000 രൂപ മുതൽ 60 ലക്ഷം വരെ മൂലധനമുള്ള നിധികളുണ്ട്.

**നിധികൾ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന കിട്ടാക്കടം, സർക്കാർ നിയമങ്ങൾ പാലിക്കൽ, പ്രഫഷനലിസത്തിന്റെ അഭാവം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോവുന്നതിന് സംസ്ഥാനതലത്തിൽ തന്നെ നീക്കം നടത്താൻ ഇൻഫെക് തീരുമാനിച്ചിട്ടുണ്ട്. അതിനായി സഹകരണ സംഘങ്ങൾ, സ്വയം സഹായ ഗ്രൂപ്പുകൾ, എൻ.ജി.ഒകൾ എന്നിവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പരീക്ഷണാർഥം തുടങ്ങാനുള്ള നീക്കങ്ങൾ നടന്നുവരുന്നു.**

മോചനം, ജനസേവന പ്രവർത്തനങ്ങളിലും ഗ്രാമവികസനത്തിലും പരസ്പര സഹായവും സഹകരണവും വളർത്തൽ എന്നിവയായിരുന്നു ലക്ഷ്യം. ആരംഭിച്ച് രണ്ടര ദശകം പിന്നിട്ടപ്പോഴും പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന നിധികൾ 50-ൽ താഴെയായിരുന്നു.

1999 ഏപ്രിൽ 17 മുതൽ മെയ് 16 വരെ ജമാഅത്തെ ഇസ്‌ലാമി കേരളത്തിൽ സംഘടിപ്പിച്ച 'പലിശക്കെതിരെ' കാമ്പയിനാണ് ഈ രംഗത്ത് കുതിച്ചുചാട്ടത്തിന് വഴി തുറന്നത്. വ്യത്യസ്ത പരിപാടികളിലൂടെ കേരളത്തിലുടനീളം പലിശക്കെതിരെ നടത്തിയ ബോധവത്കരണം പലിശരഹിത സംരംഭങ്ങൾക്ക് പ്രചോദനമാവുകയായിരുന്നു. സാധ്യമായേടത്തൊക്കെ നിധികൾ ആരംഭിക്കണമെന്ന നിർദേശം ഒരളവുവരെ വിജയിച്ചു. ഏതാണ്ട് 360 നിധികൾ പ്രസ്ഥാനത്തിനു കീഴിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. 25000 രൂപ മുതൽ 60 ലക്ഷം വരെ മൂലധനമായുള്ള നിധികളുണ്ട്.

മൂലധനം സ്വരൂപിക്കുന്നതിന് വ്യത്യസ്ത മാർഗങ്ങളാണ് സ്വീകരിക്കുന്നത്. സംഭാവന, സ്വദഖ, സകാത്ത്, നിക്ഷേപങ്ങൾ, ഓഹരികൾ എന്നീ രീതികളാണ് പ്രധാനം. ഇതിൽ സകാത്ത്, സ്വദഖ, സംഭാവന എന്നിവ തിരിച്ചു നൽകേണ്ടതില്ലാത്ത മൂലധനങ്ങളാണ്; നിക്ഷേപവും ഷെയറുകളും പിൻവലിക്കാവുന്നതും. സ്വരൂപിക്കുന്ന മൂലധനത്തിൽനിന്ന് നിശ്ചിത വിഹിതം ആവശ്യക്കാർക്ക് കടം നൽകുന്നു. ബാക്കി തുക കച്ചവടത്തിലോ മറ്റോ മുടക്കി ഉൽപാദന പ്രവർത്തനത്തിൽ പങ്കാളിത്തം വഹിക്കുകയും ലാഭ-നഷ്ടങ്ങൾ പങ്കുവെക്കുകയും ചെയ്യുന്നു. മൂലധനം മുഴുവനായും വായ്പ നൽകാനുപയോഗിക്കുന്ന നിധികളുമുണ്ട്. കടം നൽകുന്നതിന് ചില സ്ഥാപനങ്ങൾ സ്വർണമോ മറ്റോ പണയമായി സ്വീകരിക്കുന്നു. എന്നാൽ മിക്ക നിധികളും പ്രദേശത്തെ പ്രമുഖ വ്യക്തികളുടെയോ ഓഹരി ഉടമകളുടെയോ ജാമ്യത്തിലാണ് വായ്പ നൽകുന്നത്. കടങ്ങളുടെ കാലാവധി മൂന്നു മാസം മുതൽ 6 മാസം വരെയാണ്.

പലിശരഹിത നിധികൾക്ക് നിർദേശങ്ങൾ നൽകാൻ ഇന്ററസ്റ്റ് ഫ്രീ എസ്റ്റാബ്ലിഷ്മെന്റ്സ് കോ-ഓർഡിനേഷൻ കമ്മിറ്റി (INFECC) എന്ന പേരിൽ സംസ്ഥാന തലത്തിൽ ഒരു കമ്മിറ്റി രൂപവത്കരിച്ചിട്ടുണ്ട്. 25000 രൂപയെങ്കിലും മൂലധനമുള്ള നിധികളാണ് ഇതിൽ രജിസ്റ്റർ ചെയ്യേണ്ടത്. സംസ്ഥാനത്ത് 300-ലേറെ നിധികൾ ഇങ്ങനെ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമുണ്ട്.

1970-കളിൽ ആരംഭിച്ച് വളരെ വിജയകരമായി പ്രവർത്തിച്ചുവരുന്ന നിധികളുണ്ട്. 1973-ൽ തുടക്കംകുറിച്ച ശാന്തപുരം വെൽഫെയർ അസോസിയേഷൻ കഴിഞ്ഞ വർഷം 34 ലക്ഷം രൂപ വായ്പ അനുവദിക്കുകയുണ്ടായി. 1972-ൽ തുടങ്ങിയ കോഡൂർ മുസ്‌ലിം സാംസ്കാരിക സമിതി 20 ലക്ഷം രൂപയാണ് കഴിഞ്ഞ വർഷം കടം നൽകിയത്. ഇങ്ങനെ കേരളത്തിലങ്ങോളമിങ്ങോളമുള്ള നിധികൾ കോടിക്കണക്കിന് രൂപ വായ്പ അനുവദിച്ചിട്ടുണ്ട്. ഇന്നത്തെ കേരള ചുറ്റുപാടിൽ ഈ തുക ചെറുതല്ല. മിക്ക നിധികളും ഉൽപാദന പ്രവർത്തനത്തിൽ പങ്കാളിത്തം വഹിച്ച് നിശ്ചിത ശതമാനം ലാഭവും ഉണ്ടാക്കുന്നു. നിധികൾക്കെല്ലാം കൂടി ഏഴു കോടിയോളം രൂപ മൂലധനമുള്ളതായി കണക്കാക്കുന്നു. ചെറുകിട കച്ചവടം, വീട് അറ്റകുറ്റപ്പണികൾ, കാർഷികാവശ്യങ്ങൾ, സ്വയം തൊഴിൽ സംരംഭങ്ങൾ, ഉപഭോഗാവശ്യങ്ങൾ, ചികിത്സ എന്നിവക്കാണ് മിക്ക നിധികളും വായ്പകൾ അനുവദിക്കാറുള്ളത്. നോട്ട്ബുക്ക് ബൈന്റിംഗ്, കുട, സ്കൂൾ ബാഗ് നിർമാണം, യൂനിഫോം വസ്ത്ര നിർമാണം തുടങ്ങിയ ചെറുകിട ഉൽപാദന രംഗത്താണ് സ്ഥാപനങ്ങൾ നിക്ഷേപം നടത്തുന്നത്. ഒന്നോ രണ്ടോ വർഷങ്ങൾക്കിടയിൽ 'ഇൻഫെക്' നിധി ഭാരവാഹികൾക്ക് മാർഗനിർദേശവും പ്രചോദനവും നൽകുന്നതിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. വർഷാന്ത ഓഡിറ്റിംഗ് നടത്താനും സംവിധാനമുണ്ട്.

സൂക്ഷ്മ വായ്പാ സംരംഭങ്ങൾ (Micro financing Institution) ചർച്ച ചെയ്യപ്പെടുകയും വിവിധ രീതികൾ പരീക്ഷിക്കപ്പെടുകയും ചെയ്യുന്ന ഇക്കാലത്ത് പലിശരഹിത നിധികൾ കൊണ്ട് എല്ലാമായി എന്നു കരുതാനാവില്ല. നിധികൾ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന കിട്ടാക്കടം, സർക്കാർ നിയമങ്ങൾ പാലിക്കൽ, പ്രഫഷനലിസത്തിന്റെ അഭാവം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോവുന്നതിന് സംസ്ഥാനതലത്തിൽ തന്നെ നീക്കം നടത്താൻ ഇൻഫെക് തീരുമാനിച്ചിട്ടുണ്ട്. അതിനായി സഹകരണ സംഘങ്ങൾ, സ്വയം സഹായ ഗ്രൂപ്പുകൾ, എൻ.ജി.ഒകൾ എന്നിവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പരീക്ഷണാർഥം തുടങ്ങാനുള്ള നീക്കങ്ങൾ നടന്നുവരുന്നു. കെട്ടുറപ്പും സുതാര്യതയും പ്രഫഷനലിസവുമാണ് ഏതൊരു സ്ഥാപനത്തിന്റെയും വിജയരഹസ്യം. അതിനാൽ സാവധാനമെങ്കിലും ആ വഴിക്കു നീങ്ങാൻ നാം നിർബന്ധിതരാണ്.

ഈ നീക്കത്തിൽ എടുത്തു പറയാവുന്നതാണ് 2001-ൽ പ്രസ്ഥാനത്തിനു കീഴിൽ ആരംഭിച്ച Alternative Investments and Credits Limited (AICL). റിസർവ് ബാങ്കിന്റെ അംഗീകാരത്തോടെ സർക്കാർ നിയമങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്ന ബാങ്കേതര ധനകാര്യ കമ്പനിയാണ് AICL. ഇന്ത്യയിൽ നിരവധി ധനകാര്യ കമ്പനികൾ തകർച്ചയെ നേരിടുമ്പോഴും വ്യവസ്ഥാപിതമായി പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിന്റെ മൂലധനം ഏഴര കോടി രൂപയാണ്. സംരംഭകർക്ക് ലാഭ നഷ്ട പങ്കാളിത്താടിസ്ഥാനത്തിൽ പണം നൽകി ഉൽപാദന പ്രവർത്തനത്തിൽ പങ്കാളിത്തം വഹിക്കുന്ന സ്ഥാപനത്തിന് കഴിഞ്ഞ വർഷങ്ങളിൽ ആറും ഏഴും ശതമാനം ലാഭവിഹിതം എല്ലാവിധ നികുതികൾക്കു ശേഷവും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ന് ഈ സ്ഥാപനവും പുതിയ പ്രോജക്ടുകൾ തെരഞ്ഞെടുത്ത് കുതിച്ചുചാട്ടത്തിനുള്ള തയാറെടുപ്പിലാണ്. ■

*(ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന സെക്രട്ടറിയാണ് ലേഖകൻ)*